സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 10-15

പാലൈ
PALAI பாலை
ISSN No: 3049-0316

# സ്വാതന്ത്ര്യത്തിന്റെ ചാവേറുകൾ ചരിത്രത്തിലും സാഹിത്യത്തിലും



ഡോ. സ്വപ്ന ആന്റണി*

**പ്രബന്ധസംഗ്രഹം**

കർഷകപ്രസ്ഥാനങ്ങളും കർഷകസമരങ്ങളും ലോകസാഹിത്യത്തിൽ നിർണായക സ്ഥാനം കൈവരിച്ച് മാനവപുരോഗതിക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. മലയാളസാഹിത്യത്തിലും അത്തരം മുന്നേറ്റങ്ങൾ പുതുഭാവുകത്വങ്ങൾ നിഷ്പാദിപ്പിക്കുന്ന മട്ടിൽ സന്നിവേശിക്കപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെയും പുതുയുഗത്തിന്റെയും സന്ദേശം പകരുന്ന നിരവധി കൃതികൾ മലയാളത്തിൽ ഉണ്ടായി. കേരളജനതയുടെ ഇന്നത്തെ സാമൂഹികസാംസ്കാരികവികാസം പരിഗണിച്ചാൽ മലബാറിലെ കാർഷികമുന്നേറ്റങ്ങളാണ് ഈ അഭിവൃദ്ധിയുടെ പ്രധാന കാരണങ്ങളിലൊന്ന് എന്നു മനസ്സിലാക്കാം. കയ്യൂർ കർഷകസമരത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ പി. വത്സലയുടെ 'ചാവേർ' എന്ന നോവലിൽ കർഷക സമരഘടകങ്ങളുടെ സ്വാധീനം എത്രമാത്രമാണെന്നു കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. അതോടൊപ്പം ദേശീയ സ്വാതന്ത്ര്യസമരത്തോടെ കേരളത്തിൽ ശക്തിപ്രാപിച്ച സാംസ്കാരികമുന്നേറ്റത്തിനും ദേശീയബോധത്തിനും കർഷകസമരങ്ങൾ ഊർജ്ജം പകർന്നത് എങ്ങനെയെന്നും അന്വേഷിക്കുന്നു.

**താക്കോൽ വാക്കുകൾ:** സ്വാതന്ത്ര്യം - സമത്വം - നീതി - ജനാധിപത്യം - അടിമത്തം - സാമ്രാജ്യത്വം - നവോത്ഥാനം - പ്രതിനിധാനം - പ്രത്യയശാസ്ത്രം - വർഗ്ഗം.

ലക്ഷ്യപ്രാപ്തിക്കായി സ്വയംമരണം ഏറ്റുവാങ്ങാനൊരുങ്ങുന്നവരാണ് ചാവേർ. പി. വത്സല 1991-ൽ രചിച്ച 'ചാവേർ', എന്ന നോവലിന്റെ പ്രമേയത്തിന് ചരിത്രപരമായ ബന്ധവും സാധുതയുമുണ്ട്. കേരളത്തിലെ നാട്ടുപ്രദേശങ്ങളെ അടക്കിവാണ ജന്മിത്വത്തിന്റെ കീഴിൽ ദരിദ്രരായ ഗ്രാമീണജനസഞ്ചയം അടിമകളെപ്പോലെ ജീവിക്കേണ്ടിവന്ന ഒരു കാലഘട്ടത്തെയാണ് നോവൽ പ്രതിനിധാനം ചെയ്യുന്നത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെ നിലവിൽവന്ന ഇംഗ്ലീഷ് വിദ്യാഭ്യാസസമ്പ്രദായവും

* അസോ. പ്രൊഫസർ, മലയാളവിഭാഗം, സി.എ.എസ്. കോളേജ്, മാടായി
9447793394, swapnasidharthm@gmail.com

അതിലൂടെ കൈവന്ന സോഷ്യലിസ്റ്റ്ചിന്താഗതിയും കർഷകരുൾപ്പെടെയുള്ള മർദ്ദിതരായ ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവർക്ക് അറിവും ബോധവും നൽകി. ഈ അവസ്ഥയിൽ നിരവധി കർഷകമുന്നേറ്റങ്ങൾക്കു വേദിയായ വടക്കേമലബാറിലാണ് നോവൽ ചുരുളഴിയുന്നത്.

കയറളാംകുന്നിന്റെ മടിയിൽ കൊട്ടാരസദൃശമായ ഗൗരീശങ്കരം പണിതുയർത്തുന്ന ശങ്കരൻ നായനാർ കെട്ടിടം ഉറയ്ക്കുന്നതിനുവേണ്ടി ഹീനവും ക്രൂരവുമായ നരബലി നടത്തുന്നു. ഭൂപ്രഭുക്കളുടെയിടയിൽ അന്നു പ്രാബല്യത്തിലുണ്ടായിരുന്ന ഈ ദുരാചാരത്തിന് ഇരയാക്കിയത് ആ കെട്ടിടത്തിന്റെ ശില്പിയായ കേളോർമനാശാരിയുടെ മകൻ ഉണിച്ചെന്ത്രോനെത്തന്നെയാണ്. മലബാറിലെ ജന്മിത്തത്തിന്റെ ഹിംസാത്മകമായ ബീഭത്സമുഖം അനാവൃതമാക്കിക്കൊണ്ടാണ് പി. വത്സലയുടെ നോവൽ ആരംഭിക്കുന്നത്. നിറയൂർപുഴയുടെ തീരങ്ങളിൽ അധിവസിക്കുന്ന ദരിദ്രരായ കർഷകർ അനുഭവിക്കുന്ന യാതനകളും അവരുടെ ചിന്താധാരയും തുടർന്നുണ്ടാകുന്ന സ്വാതന്ത്ര്യേച്ഛയും അവബോധവുമാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. "ജന്മിമേധാവിത്വത്തിൽനിന്നും രാഷ്ട്രീയാടിമത്തത്തിൽനിന്നും കുതറിയുണരുന്ന ഗ്രാമീണ മലബാറിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട" ഒരു നോവലാണ് ചാവേറെന്ന് പുസ്തകത്തിന്റെ പുറംതാളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവിതത്തെക്കുറിച്ചും സാമൂഹ്യബന്ധങ്ങളെക്കുറിച്ചുമുള്ള ആശയങ്ങളും ചിന്താധാരകളും വാക്കുകളിലൂടെ ആവിഷ്കരിക്കുന്നതാണ് സാഹിത്യം. സമകാലീനസാഹിത്യത്തിലെ വിവിധസർഗ്ഗസരണികളിൽ പ്രമുഖസ്ഥാനമുള്ള നോവൽ, നിയതസ്ഥലങ്ങളിൽ വ്യക്തികളെയും സംഭവങ്ങളെയും അനുക്രമമായി പ്രതിഷ്ഠിച്ച് മനുഷ്യന്റെ സഹനാനുഭവങ്ങളെ ഭാവനാസൃഷ്ടിയിലൂടെ ആവിഷ്കരിക്കുകയാണു ചെയ്യുന്നത്. അവ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്നതിൽ വിജയിച്ചിട്ടുമുണ്ട്. ജീവിതത്തിന്റെ ആഴവും പരപ്പും വൈരുദ്ധ്യങ്ങളും പ്രശ്നങ്ങളും മറ്റും തീക്ഷ്ണമായി അവതരിപ്പിക്കാൻ കഴിയുന്നത് നോവലിലൂടെയാണ്. മനുഷ്യജീവിതത്തെ അതിന്റെ മുഴുവൻ ചൈതന്യങ്ങളോടുംകൂടി ആവിഷ്കരിക്കാൻ കഴിയുന്ന സാഹിത്യമാദ്ധ്യമമാണിത്.

നവോത്ഥാനകാലഘട്ടത്തോടെ സാധാരണമനുഷ്യനും അവന്റെ കഷ്ടപ്പാടുകൾനിറഞ്ഞ ജീവിതവും നോവലിന്റെ പ്രമേയമായിമാറി. സാമ്രാജ്യമേധാവിത്വത്തിനെതിരെയുള്ള പോരാട്ടവും മൂന്നാംലോകരാഷ്ട്രങ്ങളുടെ വളർച്ചയും ലോകകമ്മ്യൂണിസത്തിന്റെ വികാസവും നോവലുകളെ ചൈതന്യവത്താക്കി. ചരിത്രപരമായ നോവലിന് അതു നടക്കുന്ന കാലഘട്ടം വസ്തുനിഷ്ഠമായി സൂചിപ്പിക്കേണ്ടതുണ്ട്. ചാവേറിൽ പ്രതിപാദിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെയും കർഷകസംഘത്തിന്റെയും വളർച്ച, സ്വതന്ത്രഭാരതത്തിന്റെ പിറവി, സമരോത്സുകരായ ഗ്രാമീണജനത എന്നിവ കൂട്ടിവായിച്ചാൽ 1940 തൊട്ട് 1947 ആഗസ്റ്റ് അവസാനം വരെയുള്ള ഒരു കാലഘട്ടമാണ് നോവലിന്റെ ചരിത്രപശ്ചാത്തലം എന്ന് അനുമാനിക്കാം.

## 1:1 ചരിത്ര പശ്ചാത്തലം

മനുഷ്യസമൂഹത്തിന് ചരിത്രരൂപീകരണത്തിന്റെ പ്രക്രിയകളെപ്പറ്റി അറിവു ലഭിക്കുന്നത് ഒരുപരിധിവരെ സാഹിത്യത്തിൽനിന്നാണ്. ചരിത്രസ്രഷ്ടാക്കളുടെ സാമൂഹികവും മാനസികവുമായ അവസ്ഥ യഥാതഥമായി നോവലിസ്റ്റുകൾക്കു വിശകലനം ചെയ്യാനും വർണ്ണിക്കാനും കഴിയുന്നതുകൊണ്ടാണ് അവർക്ക് ചരിത്രകാരന്മാരെ അപേക്ഷിച്ച് ഈ കാര്യത്തിൽ പ്രമുഖസ്ഥാനം നൽകിയിരിക്കുന്നത്. നോവൽ രചയിതാക്കളും ചരിത്രപണ്ഡിതന്മാരും ആലേഖനം ചെയ്യുന്നത് ഒരേവസ്തുത തന്നെയാണെങ്കിലും അതിനുവേണ്ടി അവർ തിരഞ്ഞെടുക്കുന്ന മാർഗ്ഗം വിഭിന്നമാണെന്ന് ചരിത്രത്തെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ വീക്ഷണത്തെ അവലോകനം ചെയ്യവേ ഷെൽബി ഫൂട്ടേ അഭിപ്രായപ്പെടുന്നുണ്ട് (ഷെൽബി ഫൂട്ടെ, 1991:40).

ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ജന്മിമേധാവിത്തത്തിന്റെ നിഷ്ഠുരതകളും അടിച്ചമർത്തലുകളുംകൊണ്ട് അടിമകളെപ്പോലെ ജീവിക്കേണ്ടിവന്ന ഒരു ഗ്രാമീണജനത കമ്മ്യൂണിസ്റ്റുപ്രത്യയശാസ്ത്രത്തിലൂന്നിയ വർഗ്ഗസമരത്തിന് മുന്നിട്ടിറങ്ങിയതിന്റെ ഏകദേശചിത്രം

 ISSN No: 3049-0316


നോവലിൽ കാണാനാവും. 'ഇന്ന് നമ്മുടെ കരുത്ത് അവർ, പോലീസ് നായ്ക്കൾ അറിയും, നമ്മുടെ ചെറുവാല്യക്കാരുടെ ചോരനനഞ്ഞ വയലുകളും തോട്ടങ്ങളും ചോർന്നുപോയി. നമ്മുടെ പെണ്ണുങ്ങളുടെ മാനം കവർന്ന അവറ്റ ഇന്നനുഭവിക്കും. നമ്മുടെ കുഞ്ഞുങ്ങളുടെ കൈയിലെ അന്നം തട്ടിപ്പറിച്ച ജന്തുക്കളോട് ഇന്ന് നമ്മുടെ കരുത്തു പ്രഖ്യാപിക്കും' (വത്സല, 2009:287). കുഞ്ഞമ്പാടി പറഞ്ഞുകൊണ്ടിരുന്നു. 'ഓറുടെ ശ്വാസത്തിലൊക്കെ നമ്മളുണ്ട്. ഇന്നാട്ട്ല് നമ്മളെല്ലാം ഒളിവിലാ കഴിയ്ണതെന്ന് നമ്മള് ധൈര്യായിട്ട്രിക്ക്യല്ലെ? ഗ്രാമീണര്ടെ മനസിന്നാത്താ സത്യത്തില് നമ്മള് കഴിഞ്ഞുകൂട്ണത്!' (പുറം 288). 'ഗ്രാമീണർ അവരുടെ കരൾ പറിച്ച് ദുഃഖത്തിന്റെ തീയിൽ ചുട്ടെടുത്ത് നമ്മെ ഊട്ടാൻ തയ്യാറാണ്!' 'അതെ! മഹേശ്വരേട്ടാ, അവരെത്ര തീ തിന്നു. എത്രപേരുടെ എല്ലൊടിഞ്ഞു. എത്രപേർ മരണം കാത്തുകിടക്കുന്നു. അവരുടെ ദുഃഖത്തിന്റെ എണ്ണവീണ കത്തിപ്പടരുന്ന മേലേരികൾ തണുപ്പിക്കാൻ നമുക്കു ത്രാണിയുണ്ടാവുമോ? കാളീശ്വരംചന്തയിൽ ഗണപതിയുടെ അച്ഛന്റെ ചോരവീണു നനഞ്ഞ വഴി എന്നാണുണങ്ങുക?' (പുറം, 289). സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും മണ്ണിന്റെമക്കളുടെ അവകാശത്തിനുംവേണ്ടി പടപൊരുതിയ നിറയൂരിലെ (കയ്യൂരിലെ) കർഷകരുടെയും അവരുടെ ദുരിതമയമായ ജീവിതത്തെയും പകർത്തിക്കൊണ്ട് സമൂഹത്തോടുള്ള തന്റെ കടമ നിറവേറ്റാനുള്ള ശ്രമമാണ് 'ചാവേറി'ലൂടെ പി. വത്സല നടത്തിയിരിക്കുന്നത്.

സമത്വം, സ്വാതന്ത്ര്യം, നീതി, ജീവിക്കാനുള്ള അവകാശം എന്നിവ നേടിയെടുക്കുന്നതിനായി മരണം ഏറ്റുവാങ്ങാനൊരുങ്ങുന്ന കർഷകരാണ് ഈ നോവലിലെ ചാവേറുകൾ. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഊർജ്ജസ്വലനായ നേതാവായി അവരോധിക്കപ്പെട്ട മഹേശ്വരൻ പ്രസ്ഥാനത്തിനുവേണ്ടി രക്തസാക്ഷിയായ അമ്പാടിക്കുഞ്ഞിനെ സ്മരിക്കുന്നതിങ്ങനെയാണ്: 'പ്രിയപ്പെട്ട നാട്ടുകാരെ, അമ്പാടിക്കുഞ്ഞിനെ അവർ തൂക്കിലിട്ടു. പക്ഷേ, അവൻ മരിച്ചിട്ടില്ല. അവൻ നിങ്ങളിൽ ഓരോരുത്തരിലും ജീവിക്കുന്നു' (പുറം 363). ജന്മിത്വത്തിന്റെ മാമൂലുകളെ എന്നേക്കുമായി വലിച്ചെറിയാൻ ഒടുവിൽ ധൈര്യം കാണിച്ച ഉല്പതിഷ്ണുക്കളാണ് ഉണിക്കാളിയമ്മയും ഗൗരിയും. പുഴക്കരയിൽ നിന്നുകൊണ്ട്, അവിടവിടെ നക്ഷത്രങ്ങൾ വിരിയുന്ന ആകാശത്തിലേക്കു വിരൽചൂണ്ടി ഉണിക്കാളിയമ്മ പറഞ്ഞു: 'നോക്കൂ, അതവരാണ്! കുഞ്ഞമ്പാടിയും കുഞ്ഞിപ്പുവും ചന്തുവും കൂട്ടരും. അവർക്കിവിടംവിട്ടു പോവാൻ കഴിയില്ല ഗൗരീ'. 'അവർ എന്തിനു വേണ്ടിറ്റാണ് മരിച്ചത്?' ഗൗരി ചോദിച്ചു. 'ഈ പുഴക്കരയിൽ വീണ്ടും വീണ്ടും കൂട്ടുകൂട്ടുന്ന മനുഷ്യർക്കു വേണ്ടി! ഈ വയലുകളിൽ തളരാതെ വിത്തിടുന്നവർക്കുവേണ്ടി' (പുറം 371). ഉണിക്കാളിയമ്മയുടെ ഈ മറുപടിയിലൂടെ മലബാറിലെ കർഷകസമരചരിത്രത്തെ തന്റെ രചനയുടെ ഹൃദയസ്പന്ദനമാക്കുകയാണ് നോവലിസ്റ്റ്.

വടക്കേമലബാറിൽ 1940-കളിൽ അലയടിച്ച ദേശീയപ്രസ്ഥാനവും അതിനോടനുബന്ധിച്ച വളർന്നുവന്ന കർഷകസമരങ്ങളും മനുഷ്യാവകാശങ്ങൾക്കുവേണ്ടി നിലകൊണ്ട കമ്മ്യൂണിസ്റ്റ്പ്രസ്ഥാനവും പ്രസ്ഥാനത്തിനുവേണ്ടി ജീവൻ ത്യജിച്ച യുവകർഷകരും 'ചാവേറി'ൽ നിറഞ്ഞു നില്ക്കുന്നു. 1940-47 കാലഘട്ടത്തിൽ കേരളമൊന്നാകെ പടർന്നുപന്തലിച്ച സാമൂഹികനവോത്ഥാനചിന്തയും വിപ്ലവാഭിമുഖ്യവും കയ്യൂരും ഇതിൽ ഊഷ്മളമായി അനുവാചകനോടു സംവദിക്കുന്നുണ്ട്.

## 1:2 പ്രമേയം

'നിറയൂർ' എന്ന ഗ്രാമത്തിൽ തൊഴിലാളികളും കർഷകരും സംഘടിച്ച് സ്വാതന്ത്ര്യത്തെക്കുറിച്ചും ജന്മിമാരുടെ ചൂഷണരീതികളെക്കുറിച്ചും ചർച്ചചെയ്യുന്നു. കർഷകരെ ബോധവൽക്കരിച്ചുകൊണ്ട് മഹേശ്വരനും കുഞ്ഞമ്പാടിയും കുഞ്ഞിക്കണ്ണനും ഗ്രാമമെമ്പാടും രഹസ്യമായി സഞ്ചരിക്കുന്നു. അവരുടെ വാക്കുകൾ കർഷകരെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്തപ്പോൾ, ജന്മിമാരും കിങ്കരന്മാരും പോലീസും ജനങ്ങളെ പീഡിപ്പിച്ചുകൊണ്ട് ഗ്രാമത്തിൽ അഴിഞ്ഞാടുന്നു. കർഷകസംഘം പ്രവർത്തകർ നിരന്തരം വേട്ടയാടപ്പെടുകയും കുഞ്ഞമ്പാടിയുംമറ്റും തൂക്കിലേറ്റപ്പെടുകയും ചെയ്യുന്നു. വ്യക്തിതാൽപര്യങ്ങൾക്കതീതമാണ് പ്രസ്ഥാനമെന്നുള്ള സത്യത്തെ ഉയർത്തിക്കാണിക്കുന്നതാണ് ചാവേറിന്റെ പ്രമേയം.

 ISSN No: 3049-0316


## 1:3 കർഷകജീവിതം– കാലഘട്ടത്തിന്റെ പ്രതിഫലനം

സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ജന്മി-നാടുവാഴിവ്യവസ്ഥയ്ക്കുമെതിരെ വടക്കേമലബാറിൽ കാർഷികമുന്നേറ്റങ്ങൾക്കു തുടക്കംകുറിച്ച കാലയളവിൽ നിറയൂരിലെ കർഷകർ നേരിട്ട ദുരിതങ്ങളിലൂടെ കയ്യൂർസമരത്തിന്റെ ചരിത്രം കുറിച്ചുവച്ചിരിക്കുകയാണ് 'ചാവേർ'. വെള്ളപ്പോലീസിനൊപ്പംനിന്ന് പട്ടേലരും ശങ്കരൻനായരും അവരുടെ പാർശ്വവർത്തികളും ജനങ്ങളുടെമേൽ അഴിച്ചുവിട്ട അക്രമങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ ശബ്ദമുയർത്താൻ കുഞ്ഞമ്പാടി, കുഞ്ഞിക്കണ്ണൻ തുടങ്ങിയ ഊർജ്ജസ്വലരും പുരോഗമനവാദികളുമായ കുറെ ഗ്രാമീണ യുവാക്കൾ മുതിരുന്നു. രുധിരമനയ്ക്കലെ മഹേശ്വരന്റെ നേതൃത്വത്തിൽ അവർ ജന്മിമാർക്കും ബ്രിട്ടീഷ് ഭരണത്തിനുമെതിരെ സംഘടിക്കാനാരംഭിച്ചു. ദേശീയപ്രസ്ഥാനം ശക്തിപ്രാപിച്ച സമയമായിരുന്നു അത്. സാമ്രാജ്യത്വത്തിനെതിരെ ഇന്ത്യയിലെങ്ങും അലയടിച്ച പ്രക്ഷോഭത്തിനൊപ്പം മലബാറിൽ കർഷകസംഘങ്ങളും രൂപംകൊണ്ടു. ഗ്രാമങ്ങളിൽ വേരൂന്നിയ കമ്മ്യൂണിസ്റ്റുപാർട്ടി സംഘടിതസമരത്തിന് സജ്ജരാകാൻ നിറയൂരിലെ കർഷകരെ പ്രേരിപ്പിച്ചു. കല്ലിനും മുള്ളിനും വാരം കൊടുക്കാൻ വിധിപ്പിക്കപ്പെട്ട ഗ്രാമീണരോട് തിരുമുൽക്കാഴ്ച വയ്ക്കാതിരിക്കാനും രശീതി കിട്ടാതെ വാരവും പാട്ടവും നൽകാതിരിക്കാനും അവർ ആഹ്വാനം ചെയ്തു.

നിയമവിരുദ്ധമാണെന്ന പോലീസ് പ്രഖ്യാപനത്തെ ധിക്കരിച്ച് കർഷകർ തിലകമൈതാനത്ത് യോഗം കൂടി. ഇന്നാട്ടിലെ പണിയെടുക്കുന്ന കുടിയാന്മാർക്ക് അവരുടെ ഭൂമിയിൽ സ്ഥിരാവകാശം നൽകണമെന്ന പ്രമേയം കുഞ്ഞമ്പാടി അവതരിപ്പിച്ചപ്പോൾ കർഷകർ അതു പാസ്സാക്കി 'ഞങ്ങൾ സംഘം ചേർന്നവരാണ്'' എന്നു കുഞ്ഞമ്പാടി പറഞ്ഞതോടെ 'ഭാരതമാതാ കീ ജയ്, കൃഷിഭൂമി കർഷകന്'' എന്നീ മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങി. തുടർന്ന്, പുതിയകോട്ട കമ്മിറ്റിയോഗത്തിൽ വിപ്ലവം ജയിക്കട്ടെ, സാമ്രാജ്യത്വം നശിക്കട്ടെ എന്ന കോൺഗ്രസ് പ്രമേയം പാസ്സാവുകയും സർക്കാരിനെതിരെ ഒരു നാടകം അരങ്ങേറുകയും ചെയ്തു. ജന്മിമാരുടെ ശിങ്കിടികൾ നാടകം തടയാൻ ജനങ്ങൾക്കെതിരെ കൊടിയ മർദ്ദനം അഴിച്ചുവിട്ടു.

പട്ടിണിക്കു കാരണം യുദ്ധം! യുദ്ധം കൊണ്ട് പണക്കാരാവുന്നത് കച്ചവടക്കാർ! യുദ്ധത്തെ ചെറുക്കുക! വാരം അളക്കാതിരിക്കുക. തിരുമുൽക്കാഴ്ചകളെ ഒഴിവാക്കുക. യുദ്ധഫണ്ടിലേക്ക് ഒരു പൈസയും കൊടുക്കാതിരിക്കുക തുടങ്ങിയ നോട്ടീസുകൾ രാത്രി പകലാക്കി സംഘക്കാർ എഴുതി ഗ്രാമമെമ്പാടും പതിക്കുന്നു. പട്ടിണി മാറ്റാൻ കഴിയാതെ ആളുകൾ നട്ടം തിരിയുമ്പോൾ മഹേശ്വരന്റെ നേതൃത്വത്തിൽ കുഞ്ഞമ്പാടിയും മറ്റു സംഘക്കാരും രുധിരമനയിൽനിന്നു നെല്ലുകടത്തിയതിനെ തുടർന്ന് പോലീസ് സംഘക്കാരെ തിരഞ്ഞുപിടിച്ചു മർദ്ദിക്കുന്നു. പോലീസ് മർദ്ദനത്തിനെതിരെ പ്രതിഷേധിക്കാൻ ആൽത്തറയിൽ സംഘാംഗങ്ങളായ ഗ്രാമീണരെല്ലാം ഒത്തുചേർന്ന് 'മാതൃഭൂമി നീണാൾ വാഴട്ടെ നമ്മുടെ ഇന്ത്യ നമുക്ക്, വെള്ളക്കാരൻ ഇന്ത്യ വിടുക. ജന്മിത്തം നശിക്കട്ടെ, കൃഷിഭൂമി കർഷകന്'' എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് ദേശീയപതാകയ്ക്കൊപ്പം ചെങ്കൊടിയുമുയർത്തുന്നു ആവേശംകൊണ്ട് ഇളകിമറിയുന്ന ഗ്രാമീണരുടെ ഇടയിലേക്ക് ചീറിയടുക്കുന്ന പൊക്കൻ പോലീസിനെ അവർ കൊടിക്കമ്പുകൾകൊണ്ട് അടിച്ചുകൊല്ലുന്നു. പിന്നീടുണ്ടാവുന്നത് പോലീസിന്റെ നരനായാട്ടാണ്. അവർ ഗ്രാമത്തിലെ സകലവീടുകളും ചവിട്ടിമെതിച്ചു. കുഞ്ഞമ്പാടിയുൾപ്പെടെ മിക്കവരും ജയിലറയ്ക്കുള്ളിലായി പൊക്കൻ പോലീസ് കൊല്ലപ്പെട്ട കേസിൽ കുഞ്ഞമ്പാടി രക്തസാക്ഷിയായി. ഒടുവിൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുകയും അതിന്റെ ആഘോഷങ്ങൾ നടക്കുകയും ചെയ്യുന്നു.

വടക്കേമലബാറിലെ ജന്മിമാരിൽനിന്നും കയ്യൂരിലെ അടിയാളരായ കർഷകർ നേരിടേണ്ടിവന്ന നിന്ദ്യവും നിഷ്ഠൂരവുമായ അക്രമപ്പിരിവികളും മർദ്ദനങ്ങളും സഹിക്കവയ്യാതെ അവർ നടത്തിയ സമരത്തിന്റെയും അവരുടെ ജീവിതത്തിന്റെയും പരിച്ഛേദമാണ് 'ചാവേർ'. അടിച്ചമർത്തലിനും അനീതിക്കുമെതിരെ അണിനിരക്കാനുള്ള ജനങ്ങളുടെ ശക്തിയെ ഇല്ലാതാക്കാൻ മർദ്ദനങ്ങൾക്കും ഭീഷണികൾക്കും കഴിയില്ല എന്ന സത്യം ചാവേറിലെ കർഷകജീവിതത്തിൽ ദർശിക്കാൻ കഴിയും.

 ISSN No: 3049-0316


## 1:4 കർഷകസമരം ചാവേറിൽ ചെലുത്തിയ സ്വാധീനം

1937-ൽ രൂപംകൊണ്ട കമ്മ്യൂണിസ്റ്റ്പാർട്ടി യുദ്ധത്തെ എതിർക്കുവാനും ദാരിദ്ര്യം, രോഗം, ചൂഷണം, അടിമത്തം എന്നിവയെ ഇല്ലാതാക്കുവാനും ശ്രമംതുടങ്ങി. മുന്നണിപ്പോരാളികളായിരുന്ന കൃഷ്ണപിള്ളയെപ്പോലുള്ളവർ ഒളിവിലിരുന്നുകൊണ്ട് പാർട്ടിപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മൊറാഴയിലെ സംഘട്ടനത്തിൽ ഒരു പോലീസുകാരൻ കൊല്ലപ്പെട്ടതോടുകൂടി പോലീസിന്റെ ഭീകരവാഴ്ചയായി നാടെങ്ങും.

പോലീസും ഗുണ്ടകളും ജനങ്ങളെ നിഷ്ഠുരമായി തല്ലിച്ചതച്ചുകൊണ്ട് കയ്യൂരിൽ ഭീതി പടർത്തി. ടി.വി. കുഞ്ഞമ്പു, ടി.വി. കുഞ്ഞിരാമൻ തുടങ്ങിയവർ ക്രൂരമർദ്ദനത്തിന് ഇരയായി. ഇതിനെതിരെ പ്രതിഷേധിക്കാൻ 1941 മാർച്ച് 28-ാം തീയതി പി.ടി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ കയ്യൂരിൽ കർഷകസംഘംപ്രവർത്തകർ ഒത്തുകൂടി. ചുവന്ന കൊടികളേന്തി മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രതിഷേധജാഥ കയ്യൂരിന്റെ ഒരറ്റത്തുനിന്നാരംഭിച്ചു. കാക്കിട്രൗസറും ഷർട്ടും ധരിച്ച വോളണ്ടിയർമാരും ജാഥയിലണിനിരന്നു. 'ജന്മിത്തം നശിക്കട്ടെ' എന്നും 'സാമ്രാജ്യത്വം നശിക്കട്ടെ' എന്നും അവർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരെ മുദ്രാവാക്യം വിളിച്ചുകൊണ്ട് ചെങ്കൊടികളേന്തിയ അവർ ആവേശത്തോടെ മുന്നോട്ടു നീങ്ങിയപ്പോൾ പ്രതിഷേധജാഥയ്ക്കിടയിൽ വന്നുപെട്ട പോലീസ് കോൺസ്റ്റബിളിനെ കണ്ട് ജാഥാംഗങ്ങൾ പ്രക്ഷുബ്ധരായി. അവർ അയാളെ കടന്നുപിടിച്ച് അടിച്ചു. എന്നിട്ടും അരിശം തീരാതെ അയാളെക്കൊണ്ട് ചെങ്കൊടിപിടിപ്പിച്ച് ജാഥയുടെ മുന്നിൽ നിർത്തി. തുടർന്നുണ്ടായ സംഘർഷത്തിൽ പിടിച്ചുനിൽക്കാൻ കഴിയാതെ പുഴയിൽചാടിയ അയാൾ ആളുകളുടെ കല്ലേറേറ്റ് മുങ്ങിമരിച്ചു.

കയ്യൂർസമരത്തെക്കുറിച്ച് ഇതിനകം രേഖപ്പെടുത്തിയിട്ടുള്ള ചരിത്രം ഇതാണ്. സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനും അനാചാരങ്ങൾക്കും അനീതികൾക്കുമെതിരെ പോരാടുവാനുള്ള ജനങ്ങളുടെ ശക്തിയെ തളർത്താൻ മർദ്ദനങ്ങൾക്കും ഭീഷണികൾക്കും കഴിയില്ല എന്ന സത്യം പ്രതീകാത്മകമായി നോവൽ വ്യക്തമാക്കുന്നുണ്ട്. സ്വാതന്ത്ര്യബോധത്തിൽ എല്ലാ വേദനകളും മായ്ച്ചുകളഞ്ഞ നിറയൂരിലെ കർഷകജനത ഒരൊറ്റരാത്രികൊണ്ട് പോലീസിന്റെ ചവിട്ടേറ്റ് ചതഞ്ഞരഞ്ഞു. അതിന്റെ തെളിവെന്നോണം നിറയൂരെയും കീഴൂരെയും ഗ്രാമീണരുടെ ഞരമ്പുകൾ പൊട്ടിച്ചീറ്റിയ ചോരത്തുള്ളികളുടെ കലകൾ ഭിത്തികളിൽ തെളിഞ്ഞുകിടന്നു. മുറ്റങ്ങളിൽ ലാത്തികളുടെ കഷണങ്ങളും. മർദ്ദനമേറ്റ്, 'മരിക്കാതെ മരിച്ചു ജീവിക്കുന്ന', ഗ്രാമീണരുടെ മുഖങ്ങൾ കടന്നുപോകുന്നു. നാടിനു ലഭിച്ച സ്വാതന്ത്ര്യം, അതിനുവേണ്ടി പോരാടിയ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനകോടികൾക്കു കിട്ടിയിട്ടില്ല, ഇനിയത് ലഭിക്കുമോ? എന്നൊരു സമാന്തര ചോദ്യംകൂടി നോവലിലുണ്ട്. ശിരസിൽ കാഴ്ചക്കെട്ടുകളും ചുമലിൽ ക്ലേശഭാരവുമായി 'കുന്നരിച്ചുകയറുന്ന' കർഷകരെ നോക്കിക്കൊണ്ട് 'അനന്തേട്ടാ ഇതിനവസാനമില്ലേ? ആർക്കാണിവിടെ സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നത്? എന്തിനുള്ള സ്വാതന്ത്ര്യം?' എന്ന് അനന്തനോട് രാഘവൻ ചോദിക്കുന്നിടത്ത് കയ്യൂർസമരത്തിന്റെ പരിണതിയാണ് ഗ്രന്ഥകാരി സൂചിപ്പിച്ചിരിക്കുന്നത്. കയ്യൂർ ഒരു ചരിത്രപൈതൃകം കൂടിയാണ്, കർഷകരുടെയും അടിസ്ഥാനവർഗ്ഗത്തിന്റെയും മുന്നേറ്റത്തിന്റെ ചരിത്രം. അത്തരമൊരു വർഗ്ഗഘടനതന്നെ തിരിച്ചറിയപ്പെടാതെ പോകുന്ന ഇക്കാലത്ത് ഈ പൈതൃകത്തിനും പൈതൃകാവബോധത്തിനും വലിയ പ്രാധാന്യമുണ്ട്. അതിന്റെ ആവിഷ്കാരം കൂടിയാണ് ഈ നോവൽ.

സ്വാതന്ത്ര്യം എന്നുപറയുന്നത് അപരിമേയമായ അർത്ഥസാധ്യതകൾ ഉള്ള ഒരു പദമാണ്. ബന്ധനസ്ഥനായ ഒരു മനുഷ്യന് ബന്ധനങ്ങളിൽനിന്നുള്ള മോചനം എന്നത് അതിന്റെ കേവലമായ ഒരർത്ഥം മാത്രമാണ്. ഗാന്ധിജിയെ പോലുള്ള ദാർശനികരായ രാഷ്ട്രീയനേതാക്കളെ സംബന്ധിച്ചിടത്തോളം കേവലം രാഷ്ട്രീയസ്വാതന്ത്ര്യം എന്നതിനപ്പുറത്ത് വ്യക്തിയുടെ അഥവാ ആത്മാവിന്റെ പരമമായ സ്വാതന്ത്ര്യം എന്ന അർത്ഥംപോലും അതിനുണ്ടായിരുന്നു. ഇങ്ങനെ പല കാലങ്ങളിൽ വൈയക്തികവും രാഷ്ട്രീയവും ദാർശനികവുമായ വ്യത്യസ്ത മാനങ്ങളിലേക്ക് വിളക്കിച്ചേർക്കപ്പെട്ട ഒരു പദമാണ് സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും പരിമിതമായ അർത്ഥംപോലും ഉൾക്കൊള്ളാൻ കേരളീയ സമൂഹം വികസിതമാകാത്ത ഒരു സന്ദർഭമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ.

നവോത്ഥാനവും ദേശീയ പ്രസ്ഥാനവും സമൂഹത്തിന്റെ ഉപരിഘടനയിലുള്ള ഒരു ന്യൂനപക്ഷത്തെ ഈ വാക്കിന്റെ സാധ്യതകളിലേക്ക് ചേർത്തുനിർത്തിയിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ അപ്പോഴും കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ മനുഷ്യർ അടിമത്തം വിധി ആണെന്നു വിശ്വസിച്ച് അതിനെ സ്വയം സ്വീകരിച്ച് ജീവിക്കുന്നവരായിരുന്നു. കേരളത്തിൽ, വിശേഷിച്ച് മലബാറിൽ സുഘടിതമായ ജാതിവർഗ്ഗബന്ധങ്ങൾക്കകത്ത്, അതുൽപ്പാദിപ്പിച്ച സാംസ്കാരിക ക്രമത്തിനകത്ത് അടിമത്തത്തെ അംഗീകരിച്ച് ജീവിച്ചിരുന്നവരായിരുന്നു ബഹുഭൂരിപക്ഷവും. അത്തരം ആളുകൾക്കിടയിൽ സ്വാതന്ത്ര്യത്തിന്റെ അർത്ഥം മനസ്സിലാക്കുകയും അതിനെ മറ്റുള്ളവരിലേക്ക് നീറി പിടിപ്പിക്കുവാൻ സ്വന്തം ജീവിതം ബലികഴിച്ച് ചാവേറുകളായി മാറിത്തീരുകയും ചെയ്ത മനുഷ്യരാണ് സ്വാതന്ത്ര്യത്തിന്റെ പുതിയ ചരിത്രം മലബാറിന്റെ സാമൂഹ്യജീവിതത്തിൽ എഴുതിച്ചേർത്തത്. നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം എന്നത് ഈ രീതിയിലുള്ള നിരവധി ആളുകളുടെ ജീവത്യാഗത്തിന്റെ ഫലമാണ്. അത്തരത്തിൽ സ്വാതന്ത്ര്യബോധത്തിലേക്ക് ഉയർന്നുവരുന്ന മനുഷ്യർ ചരിത്രസാമൂഹ്യ സന്ദർഭത്തിന്റെ നിർമ്മിതികൾ കൂടിയാണ്.

കയ്യൂർസമരത്തോട് ബന്ധപ്പെട്ടു നിൽക്കുകയോ, അതിനെ നേരനുഭവമായി സ്വാംശീകരിക്കുകയോ ചെയ്ത ഒരു തലമുറയിൽ മാത്രമേ ഇതിൽനിന്നുള്ള സാമൂഹിക ഊർജ്ജം നേരിട്ട് പ്രവർത്തനക്ഷമമാവുകയുള്ളൂ. എന്നാൽ അത്തരം ഒരു തലമുറ കടന്നുപോകുന്നതോടുകൂടി ഈ സംഭവം വെറും ഒരോർമ്മ മാത്രമായി മാറിപ്പോവുകയും അതുൽപ്പാദിപ്പിച്ച സാമൂഹികോർജ്ജങ്ങളുടെ ഗതികത നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നു. ഈ ഗതികോർജ്ജത്തിന് ഒരു അനുസ്യൂതപ്രവാഹമായി മാറണമെങ്കിൽ സമൂഹത്തിന്റെ സൗന്ദര്യസങ്കല്പങ്ങളിൽ, അവരുടെ ഭാവുകത്വങ്ങളിൽ, ഇതിനെ സന്നിവേശിപ്പിക്കേണ്ടതുണ്ട്. അത്തരത്തിൽ, ചരിത്രത്തിലെ ഒരു സന്ദർഭത്തിൽ സംഭവിച്ച കർഷകമുന്നേറ്റത്തെ സൗന്ദര്യാത്മകമായും ഭാവാത്മകമായും പുനർനിർമ്മിക്കുകയാണ് സാഹിത്യം ചെയ്യുന്നത്. അങ്ങനെയുള്ള ഒരു കൃതിയുടെ വായന തുടരുന്നിടത്തോളം ഈ പുനർനിർമിതിയും തുടർന്നുകൊണ്ടേയിരിക്കും. അതുവഴി ഒരു സമരം ഉൽപ്പാദിപ്പിച്ച സാമൂഹ്യോർജ്ജത്തെ പുനർനിർമിക്കാനും സൂക്ഷിക്കാനും സാഹിത്യം ഒരു പരിധിവരെ സഹായിക്കുന്നു. ആഗോളമുതലാളിത്തത്തിന്റെ കാലത്ത് പഴയ പോരാട്ടങ്ങളിൽ ചാവേറുകളായ മനുഷ്യരുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണവും അവരുടെ ഓർമ്മയും അത്തരം സന്ദർഭങ്ങളും പുതിയ പോരാട്ടത്തിനുള്ള സന്നദ്ധതയായി രൂപപ്പെടും എന്നുള്ളത് തീർച്ചയാണ്. അതാണ് ഇത്തരം നോവലുകളെ പ്രസക്തമാക്കി മാറ്റിത്തീർക്കുന്നത്.

### കുറിപ്പുകൾ

1. കടിയാൻ ജന്മിക്ക് വിളവിൽ നിന്ന് കൊടുക്കുന്ന ഒരു ഭാഗം
2. ഒരു വസ്തു അനുഭവിക്കുന്നതിന് പ്രതിഫലമായി കൃഷിക്കാരൻ ജന്മിക്ക് കൊടുക്കേണ്ട പണമോ ധാന്യമോ

### സഹായക ഗ്രന്ഥങ്ങൾ

അച്യുതൻ, എം., സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2003

കുഞ്ഞമ്പു,വി.വി., കയ്യൂർസമരചരിത്രം, പ്രോഗ്രസ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013

കുറുപ്പ്, കെ.കെ.എൻ., കർഷകസമരങ്ങളും മലയാള സാഹിത്യവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2000

ഗോപാലൻ, എ.കെ., മണ്ണിനുവേണ്ടി, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2010

പ്രകാശ് കാരാട്ട്, മലബാറിലെ കാർഷികബന്ധങ്ങൾ ഒരുപഠനം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2005

മോഹനൻ, കെ.പി., കയ്യൂരിന്റെ സാഹിത്യപ്രത്യക്ഷങ്ങൾ, സി. ബാലൻ & ഇ.പി. രാജഗോപാലൻ(എഡി.), കയ്യൂർ അവസ്ഥയും ആഖ്യാനവും, നിരഞ്ജന ബുക്സ്, കാഞ്ഞങ്ങാട്, 2006

രാധാകൃഷ്ണൻ,ആർ., കേരളത്തിലെ നവോത്ഥാന സമരങ്ങൾ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2010

വത്സല,പി., ചാവേർ, ചിന്താപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2009

വിജയൻ,എം.എൻ., നമ്മുടെസാഹിത്യം നമ്മുടെ സമൂഹം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000

ശ്രീധരമേനോൻ, എ., കേരളവും സ്വാതന്ത്ര്യസമരവും, ഡി.സി. ബുക്സ്, കോട്ടയം, 2006

Melanie Altanian, Memory as social construct, Swiss peace, Switzerland, 2017

Shelby Foote,The Novelist's view of History, University press, Mississippi,1991